**കേരള ജലസേചന വകുപ്പ്**

ഡി.ബി.നമ്പർ:450/2010

അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീ യറുടെ കാര്യാലയം
കെ.പി.ഐ.പി സബ്ഡിവിഷൻ നം -1
ഒറ്റപ്പാലം പിൻ 679104
തിയ്യതി :12.03.2018

## പുനർദർഘാസ് പരസ്യം

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കു വേണ്ടി കാഞ്ഞിരപ്പുഴ ജല സേചന പദ്ധതി സബ് ഡിവിഷൻ നം -1 അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ കൊടുത്തിരി ക്കുന്ന പ്രവർത്തി കൾക്കു വേണ്ടി കേരള പൊതു മരാമത്ത്/ ജലസേചന വകുപ്പിലെ നിർദ്ധിഷ്ട യോഗ്യത യുള്ള അംഗീകൃത കരാറു കാരിൽ നിന്നും മത്സരാടിസ്ഥാനത്തിലും മുദ്ര വെച്ചതും പ്രവർത്തി യുടെ പേര് പുറത്ത് ആലേഖനം ചെയ്യിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ രജിസ്ട്രേഡ്/ സ്പീഡ് പോസ്റ്റ് വഴി മാത്രം സ്വീകരിക്കുന്നതും (കൊറിയർ സ്വീകരിക്കുന്നതല്ല.) ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത തീയ്യതികളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്നതും നിശ്ചിത സമയത്ത് ഹാജർ ഉള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാകുന്നു. തപാലിൽ വരാവുന്ന കാലതാമസത്തിന് കരാറുകാർ മത്രം ഉത്തരവാദി ആയിരിക്കും. ടെണ്ടർ തുറക്കുന്നദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് തുറക്കുന്നതായിരിക്കും. ക്രമനമ്പർ, ദർഘാസ് നമ്പർ, പ്രവർത്തിയുടെ പേര്, അടങ്കൽ തുക, ദർഘാസ് പ്രമാണത്തിൻെറ വില , നിരതദ്രവ്യം, കരാറുകാരുടെ വിഭാഗം പ്രവർത്തികൾ ചെയ്യു തീർക്കേണ്ട കാലാവധി എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | ടെണ്ടർ നമ്പർ | പ്രവർത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവർത്തികൾ ചെയ്യു തീർക്കേണ്ട കാലാവധി | കരാറുകാരുടെ വിഭാഗം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | 13/2017 –18 | കെ.പി.ഐ.പി.ഒറ്റപ്പാലം ഓഫീസ് കെട്ടിടത്തിന്റെയും പമ്പ് ഹൗസ്, പ്രോജക്ട് ഹൗസ് കോളനി കോമ്പൗണ്ട് ക്വാട്ടേർസ് കോമ്പൗണ്ട് എന്നിവയുടെ അറ്റകുറ്റ പണികളും ഇലക്ട്രിക് വർക്കുകളും പ്ലംബിംഗ് വർക്കുകളും ,കിണർ വൃത്തിയാക്കൽ, കാടുവെട്ടൽ, മറ്റു അറ്റകുറ്റ പണികളും ചെയ്യുന്ന പ്രവർത്തി.<br>രൂപ:1,50,000/– | 3750/– | 500/– + നിലവിലെ ജി.എസ്.ടി | 2 മാസം | D യും അതിനുമുകളിലും |

ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന
തിയ്യതി – 15/03/2018 മുതൽ 17/03/2018 1 മണി
ദർഘാസുകൾ തപാലിൽ സ്വീകരിക്കുന്ന

അവസാന തിയ്യതി - 19/03/2018 മുതൽ വൈകീട്ട് 3 മണി
ദർഘാസുകൾ തുറക്കുന്ന
തിയ്യതിയും സമയവും - 19/03/2018 വൈകീട്ട് 3.30 മണി

ദർഘാസ് ഫോറങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും മുകളിൽ കാണിച്ചിരിക്കുന്ന തീയ്യതികളിൽ ദർഘാസ് പ്രമാണത്തിൻെറ വിലയടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ വില യാതൊരു കാരണ വശാലും മടക്കികൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തുന്ന നിരക്ക് രണ്ട് ദശാംശ സംഖ്യയിലേക്ക് നിജപ്പെടുത്തേണ്ടതാണ്. കേരള പൊതുമരാമത്ത്/ ജലസേചന വകു പ്പു കളിൽ ദർഘാ സിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസി സിനൊപ്പം 200 (ഇരുനൂറ് രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാ ഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുക ക്കുള്ളതും അദ്ദേഹത്തിനെ ഏതുസമയത്തും മാറ്റത്തക്ക വിധത്തിൽ അധികാരപ്പെടുത്തി യതുമാ യിരിക്കണം. പ്രാ ഥമിക ഉടമ്പടി അടക്കം ചെയ്യിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വെക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പനുസരിച്ച് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ പ്രവത്തിയുടെ മൊത്ത ചെലവിൻെറ 1% നിർ മ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാധ്യസ്ഥനാണ്.

യൂജിൻ.ജെ
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കു വേണ്ടി )

ASST. EXECUTIVE ENGINEER
K. P. I. P. SUB DIVISION No:1/
OTTAPALAM

അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീ യറുടെ കാര്യാലയം
കെ.പി.ഐ.പി സബ്ഡിവിഷൻ നം-1 , ഒറ്റപ്പാലം പിൻ 679104

Office of the Asst. Executive Engineer, K.P.I.P. Sub Division - I
Date
Ottapalam - 679 104
Irrigation Dept.